**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 8** **23-01-2025 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായിള്ള ശ്രീമതി ജിഷ കെ.എം ന്റെ അപേക്ഷയിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | റോഡ് അപകടങ്ങൾ ഉൾപ്പെടെ മറ്റ് അപകടങ്ങളിൽ പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നുണ്ടോ; ധനസഹായം കിട്ടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2.02.2022-ലെ 481/2022/റവന്യൂ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. മരണസർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട്, റേഷൻ കാർഡ്, ആധാർ കാർഡ്, അപേക്ഷകന്റെ ബാങ്ക് പാസ്സ ബുക്ക് എന്നിവയുടെ പകർപ്പുകൾ സഹിതം മരണം സംഭവിച്ച് ഒരു വർഷത്തിനകം ഓൺലൈനായോ, തപാൽ വഴിയോ, നേരിട്ടോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവാഹിതൻ/വിവാഹിത മരണപ്പെടുന്ന കേസിൽ പങ്കാളി അല്ലാതെ മറ്റൊരാൾ അപേക്ഷിക്കുന്നപക്ഷം തുക അപേക്ഷകന്റെ അക്കൗണ്ടിൽ നൽകുന്നതിന് പങ്കാളിയുടെ സമ്മതപത്രം ആവശ്യമാണ്. മരണപ്പെടുന്നയാളുടെ മാതാപിതാക്കൾ അപേക്ഷ സമർപ്പിക്കുമ്പോൾ മരണപ്പെടുന്ന സ്ത്രീ 18 വയസ്സിനും പുരുഷൻ 21 വയസ്സിനും മുകളിലുള്ളതാണെങ്കിൽ വൈവാഹികനില കൂടി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| (ബി) | അങ്കമാലി മണ്ഡലത്തിൽ, കാലടി മാണിക്കമംഗലം തോട്ടകം കരയിൽ മട്ടക്കങ്കൽ വീട്ടിൽ പരേതനായ ഷിബുവിന്റെ ഭാര്യ ശ്രീമതി ജിഷ കെ.എം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിനുള്ള അപേക്ഷ നൽകുന്നതിൽ വന്ന കാലതാമസം മാപ്പാക്കാൻ കാര്യകാരണ സഹിതം നൽകിയ അപേക്ഷയിൽ | (ബി) | പരേതനായ ഷിബുവിന്റെ ഭാര്യ ശ്രീമതി ജിഷ കെ.എം., മകന്റെയും ഭർത്താവിന്റെയും അപകട മരണത്തെ തുടർന്ന് സിഎംഡിആർഎഫ് പോർട്ടൽ മുഖേന നൽകിയ അപേക്ഷകൾ പ്രകാരം, മകന്റെ മരണത്തിന് ധസഹായമായി രണ്ടു ലക്ഷം രൂപ 26.05.2023ലെ ജി.ഒ.(ആർ.റ്റി.)നം.1996/2023/റവ. നംപർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഭർത്താവിന്റെ അപകടമരണത്തെ തുടർന്ന് ഇപ്പോൾ CMDRF |

| | | | |
|---|---|---|---|
| | അനുകൂല ഉത്തരവ് നൽകുന്നതിന് മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | | പോർട്ടലിൽ സമർപ്പിച്ചിട്ടുള്ള D250101776 എന്ന ഡോക്കറ്റ് നമ്പറിലുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | രണ്ട് ദുരന്തങ്ങൾ ഒരേ സമയം അഭിമുഖീകരിക്കേണ്ടി വന്ന വീട്ടമ്മയുടെ മാനസിക പ്രയാസവും അനുഭവിച്ച ദു:ഖവും കണക്കിലെടുത്ത് ടി വിഷയത്തിൽ ശ്രീമതി ജിഷ കെ.എം. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് ഇതിൽ അനുഭാവപൂർവ്വം നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ? | (സി) | പരേതനായ ഷിബുവിന്റെ ഭാര്യ ശ്രീമതി ജിഷ കെ.എം., മകന്റെയും ഭർത്താവിന്റെയും അപകട മരണത്തെ തുടർന്ന് സിഎംഡിആർഎഫ് പോർട്ടൽ മുഖേന നൽകിയ അപേക്ഷകൾ പ്രകാരം, മകന്റെ മരണത്തിന് ധസഹായമായി രണ്ടു ലക്ഷം രൂപ 26.05.2023ലെ ജി.ഒ.(ആർ.റ്റി.)നം.1996/2023/റവ. നംപർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഭർത്താവിന്റെ അപകടമരണത്തെ തുടർന്ന് ഇപ്പോൾ CMDRF പോർട്ടലിൽ സമർപ്പിച്ചിട്ടുള്ള D250101776 എന്ന ഡോക്കറ്റ് നമ്പറിലുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ